# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊല്ലം കോർപ്പറേഷൻ - കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിനായി ശക്തികുളങ്ങര വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 4 ഏക്കർ ഭൂമി അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 658/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മാർച്ച് 16, 2009.

---

പരാമർശം:

1. കൊല്ലം കോർപ്പറേഷന്റെ 12-6-2008-ലെ 33-ാം നമ്പർ കൗൺസിൽ തീരുമാനം.
2. കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 09-07-2008-ലെ T.P 1/23656/06 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 16-08-2008-ലെ G.3-10451/08 നമ്പർ കത്ത്.
4. കൊല്ലം ജില്ലാ കളക്ടറുടെ 24-02-2009-ലെ M.9-37350/06 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കൊല്ലം കോർപ്പറേഷന്റെ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പരാമർശം (2)-ലെ അപേക്ഷയുടെയും നഗരകാര്യ ഡയറക്ടർ, കൊല്ലം ജില്ലാ കളക്ടർ എന്നിവരുടെ യഥാക്രമം പരാമർശം (3), (4) ശുപാർശകളുടേയും അടിസ്ഥാനത്തിൽ, കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിന് കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ ബ്ലോക്ക് 1-ൽപ്പെട്ട 639/12, 640/5, 640/6pt, 640/19pt, 640/20pt, 640/28pt, 642/3, 642/4pt, 642/5pt, 642/18, 642,19, 642/20pt, 642/21, 642/25 എന്നീ സർവ്വേ നമ്പരുകളിലെ 4 ഏക്കർ സ്ഥലം അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ കൊല്ലം കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) അക്വിസിഷനാവശ്യമായതുകയുടെ 80% മുൻകൂറായി കൊല്ലം ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

(മറുപുറം)

(ii) അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയോ വ്യവഹാരങ്ങളിൽ ബാധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ, കൊല്ലം.

ജില്ലാകളക്ടർ, കൊല്ലം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.